






# മൊഴി..



ഗവ: ഹയർ സെക്കന്ററി സ്കൂൾ, ബേപ്പൂർ.

**മലയാള വിഭാഗവും little kites it ക്ലബ്ബും സംയുക്തമായി ആവിഷ്കരിച്ചിരിക്കുന്ന മൊഴി എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.**

**ക്ലാരമ്മ ജോസഫ്**
**ഹെഡ്മിസ്ട്രസ്**
**ജി എച് എസ് എസ് ബേപ്പൂർ.**

**കുട്ടികളുടെയും Little kites എന്ന IT ക്ലബ്ബിന്റെയും കലാപരവും ആശയപരവുമായ ഉദ്യമമായ മൊഴി എന്ന DIGITAL MAGAZINE നും അതിന്റെ കൂടെ പ്രവർത്തിച്ച മലയാളം ക്ലബ്ബിനും എന്റെ എല്ലാവിധ സ്നേഹാശംസകൾ നേരുന്നു.....**

**അബ്ബാസ് .വി**
**ഡപ്യൂട്ടി എച്ച് .എം**
**ജി എച് എസ് എസ് ബേപ്പൂർ.**

മൊഴി എന്ന ഡിജിറ്റൽ മാഗസിൻ
പ്രാവർത്തികമാക്കാൻ പ്രയത്നിച്ച എല്ലാ
കുട്ടികൾക്കും **Little kites** എന്ന **IT club** നും
എന്റെ എല്ലാ വിധ ആശംസകളും നേരുന്നു

അനിൽകുമാർ
പി ടി എ പ്രസിഡണ്ട്
ജി എച് എസ് എസ് ബേപ്പൂർ.

# മുഖവുര

സ്കൂൾ **it** ക്ലബ്ബായ **little kites** ന്റെ
നേതൃത്വത്തിൽ മലയാളം ക്ലബ്ബിന്റെ
സഹകരണത്തോടെ നിങ്ങളുടെ
മുന്നിലെത്തുന്ന മൊഴി എന്ന ഈ
ഡിജിറ്റൽ മാഗസിൻ **little kites**
അംഗങ്ങളുടെ കൂട്ടായ പരിശ്രമങ്ങളുടെ
ഫലമാണ്.37 അംഗങ്ങളുള്ള ക്ലബിന്
എല്ലാ മാർഗനിർദേസങ്ങളും നൽകുന്നത്
ലിനുമോഹൻ സാറും നിഷ ടീച്ചറുമാണ്.
അക്കാഡമിക് മാസ്റ്റർപ്ലാനിന്റെ ഭാഗമായി
മലയാള വിഭാഗം നടത്തിയ "എഴുത്ത് "
എന്ന ഏകദിന ശില്പശാലയിൽ നിന്നും
കിട്ടിയ അറിവുകളുടെ അടിസ്ഥാനത്തിൽ
തല്പരരായ കുറച്ച് കുട്ടികൾ
ചേർന്നെഴുതിയതാണ് ഇതിലെ ഒരോ
സൃഷ്ടിയും.ഒരു സൃഷ്ടിയും പൂർണമാവില്ല
എന്ന ഉറച്ച വിശ്വാസത്തിൽ തെറ്റുകളും
കുറവുകളും ക്ഷമിച്ച്, എഴുതിയ
എല്ലാകൂട്ടുകാരെയും
അനുഗ്രഹിക്കണമെന്നും കുട്ടികളുടെ
ഭാവനയെ അഭിനന്ദിക്കണമെന്നും
തുടർന്നുള്ള അവരുടെ ജീവിതത്തിൽ
എഴുത്തിന്റെ പാതയിലൂടെ മുന്നോട്ടുള്ള
പ്രയാണത്തിന് സർവേശ്വരൻ എല്ലാ
അനുഗ്രഹങ്ങളും നൽകട്ടെ എന്നും
ആഗ്രഹിക്കുന്നു.

എഡിറ്റർ

# ജി.എച്ച് എസ് എസ് ബേപ്പൂര്

എഡിറ്റര് : പുണ്യ

എഡിറ്റോറിയൽ ബോർഡ് : നിരഞ്ജൻ

ശരണ്യംബിക

തെജലക്ഷ്മി

നിമിഷ ഫാത്തിമ ഫിദ

ഡയാന

All little kites members

# LITTLE SMILES.....



# വിനോദയാത്ര



## SOME SERIOUS MATTERS....



# SCHOOL UNSEEN



# വിശപ്പിനാൽ തകർന്ന ജീവിതം



പൊട്ടിത്തുടങ്ങിയ ജനലിഴയിലൂടെ സൂര്യപ്രകാശം വന്ന് അവളെ സ്പർശിച്ചു. ക്ഷീണത്താൽ അമ്മ വിളിച്ചിട്ടും ഉണരാതിരുന്ന അവൾ പെട്ടന്ന് ഞെട്ടിയെഴുന്നേറ്റു. അവളുടെ വയറുമുതൽ നെഞ്ചുവരെ ആകെ ഒരു പിടുത്തം പോലെ. കാരണം അവൾക്ക് മെല്ലെ മെല്ലെ ഓർമ്മ വന്നു. ഇന്നലെയും ഒന്നും തന്നെ കഴിച്ചില്ല. ഓലമേഞ്ഞ കുടിലിൽ നിന്നും അവൾ പുറത്തേക്കിറങ്ങി. ഇതുവരെ അടുപ്പ് കത്തിച്ചിരുന്നില്ല്. അമ്മയെ അനിടെയൊന്നും കാണാനും ഇല്ലായിരുന്നു. വീടിന്റെ മുൻവശത്ത് വച്ച മൺകൂജയിൽ നിന്ന് തണുത്ത വെള്ളം ഒരു കവിൾ കുടിച്ചു ദൈവമേ കുറച്ച് കഞ്ഞിവെള്ളമെങ്കിലും കിട്ടിയാൽ മതിയായിരുന്നു. അവളുടെ പേര് അമ്മു. പഠിക്കാൻ മിടുക്കിയാണ്. വീട്ടിലെ ദാരിദ്ര്യം അവളെ പഠിക്കുന്ന കാര്യത്തിൽ തെല്ലും സ്പർശിച്ചിട്ടില്ല. കുളിച്ച് വന്ന് കുറിയ മുണ്ടുമാറ്റി കീറിത്തുടങ്ങിയ ഒരുടുപ്പെടുത്തിട്ടു. വെള്ളയിൽ മഞ്ഞപ്പുള്ളികളുള്ള ഒരുടുപ്പും കോട്ടൻ തുണിയുടെ പാവടയും ജമ്പറും മാത്രമേ അവൾക്കുണ്ടായിരുന്നുള്ളൂ. കുളി കഴിഞ്ഞു വന്നപ്പോൾ അവളുടെ 'അമ്മ വന്നത് അവൾ കണ്ടു.'അമ്മ എവിടെ പോയതായിരുന്നു ? അവൾ ചോദിച്ചു .ദാ, ഈ ഇല പറിക്കാൻ ..ഇത് ആസ്ത്മക്ക് നല്ലതാണ്.അമ്മ പറഞ്ഞപ്പോഴാണ് അവളറിഞ്ഞത്.രണ്ടു ദിവസമായി ആസ്ത്മ അമ്മയെ വല്ലാതെ അലട്ടുന്നുണ്ട്.മുൻപൊന്നും ഇങ്ങനെ ഉണ്ടായിരുന്നില്ല . ചുമയും അസഹ്യമായിരുന്നു .

അച്ഛൻ എവിടെ?അവൾ ചോദിച്ചു.ഇല്ലത്തേക്ക് പോയിട്ടുണ്ട് .തബ്രാനെകാണാൻ.ഇന്നെങ്കിലും ഒരു പറ അരി കിട്ടോന്നു നോക്കാൻ .അമ്മെ എനിക്ക് നല്ലോണം വിശക്കുന്നു .

LK/17035 മൊഴി ..

ഇന്റെ മോള് കൊറച്ച് പച്ചവെള്ളം കുടിച്ച് പൂവാൻ നോക്ക് .വരുമ്പോഴേക്കും 'അമ്മ വല്ലതും കരുതി വെക്കാം .കൂട്ടുകാരി സുധ വന്നപ്പോൾ അമ്മു കുറച്ച് വെള്ളവും കുടിച്ച് അവളോടൊപ്പം പള്ളിക്കൂടത്തിലേക്ക് പോയി .എന്നും പഠിക്കണം എന്ന ചിന്ത മാത്രമേ അവളിൽ ഉണ്ടാകാറുള്ളൂ .പക്ഷെ ഇന്ന് അമ്മയുടെ അസുഖവും വിശപ്പും അവളെ വല്ലാതെ

അലട്ടി . ക്ലാസ്മുറിയിലിരിക്കുന്ന അവളുടെ കണ്ണും മനസ്സും കഞ്ഞിപ്പുരയുടെ വാതിലിലേക്ക് നീങ്ങി. ഉച്ചമണി അടിച്ച ഉടൻ അവൾ കഞ്ഞിപ്പുരയിലേക്ക് ഓടി. കിട്ടിയ കഞ്ഞിയിൽനിന്ന് കുറച്ച് കുടിച്ച് ബാക്കി അമ്മയ്ക്ക് എടുത്തുവച്ചു. ഉച്ചയ്ക്ക് തിരിച്ച് ക്ലാസിൽ കയറാനുള്ള മണിയടിക്കുംവരെ അവൾ അമ്മയെ ആലോചിച്ച് കരഞ്ഞു. അവളെ വളർത്താൻ മാത്രമായി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച ജന്മം. അമ്മയ്ക്ക് തീരെ വയ്യ. സ്കൂളിൽ വരേണ്ടായിരുന്നു. പക്ഷേ ഉച്ചക്കഞ്ഞിയുടെ കാര്യത്താലാണ് അവൾ വന്നത്. അമ്മ ഒന്നും കഴിച്ചിട്ടുണ്ടാവില്ല . വീട്ടിൽ അടുപ്പ് പുകഞ്ഞിട്ട് നാളേറെയായി. അടുത്ത വീട്ടിൽ നിന്നും ലഭിക്കുന്ന മിച്ചമായ ഭക്ഷണമായിരുന്നു ആ കുടുംബത്തിന്റെ ആഹാരം. ഇനി അത് കിട്ടാൻ വഴിയില്ല. ആ കുടുംബം അവിടെ നിന്നും പോയിരുന്നു. അവളോർത്തു. എന്തു ജന്മമാണ് ദൈവമേ ഇത് സ്കൂൾ വിട്ടപ്പോഴേക്കും ആകാശത്ത് കാർമേഘം പടർന്നിരുന്നു. നല്ല മഴക്കുള്ള കോളുണ്ട് അവൾ മനസ്സിൽ ഓർത്തു. വേഗം വീട്ടിലെത്തി അമ്മയ്ക്ക് അവൾകൊണ്ടുവന്ന കഞ്ഞി കൊടുത്തു. അമ്മയുടെ സ്ഥിതി ഏറെ വഷളായിരുന്നു. കടുത്ത പനിയും. പുറത്താണെങ്കിൽ പേമാരി. അച്ഛൻ ഇതുവരെ വന്നില്ല. പേമാരിയുടെ ശക്തിയാൽ ആ കുടില് പോലും കുലുങ്ങുന്നതായി അവൾക്ക് തോന്നി. അവളുടെ അച്ഛൻ വന്നു. അച്ഛൻ നനഞ്ഞ കുതിർന്നിരുന്നു. അമ്മയുടെ അവസ്ഥ കണ്ട് അവളുടെയും അച്ഛന്റെയും കണ്ണുകൾ നിറഞ്ഞൊഴുകി. അന്നും അച്ഛന് അരിയൊന്നും കിട്ടിയില്ല.

ആ രാത്രി അവളുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു രാത്രിയായിരുന്നു. രാവിലെ ഉണർന്നു നോക്കിയപ്പോൾ അമ്മ ഇതുവരെ ഉണർന്നതായി കണ്ടില്ല. അവൾ വിളിച്ചു വീണ്ടും വീണ്ടും വിളിച്ചു. കുലുക്കി വിളിച്ചു. അറിയുന്നില്ല. കൈകൾ മരവിച്ചിരുന്നു.തണുത്തുറഞ്ഞ് കണ്ണുകൾ തള്ളി വായിൽനിന്ന് പതവന്ന് അമ്മ അനങ്ങാതെ കിടന്നു. അവൾ അലറിക്കരഞ്ഞു.

തേജലക്ഷ്മി കെ(IX C)

# മാളു ...




അന്നും പ്രദീപ് ഓഫീസിലെത്താൻ വൈകി.മാനേജരുടെ അടുത്ത് നിന്നും പിന്നെയും ചീത്ത കേട്ടു .ജോലി കഴിഞ്ഞു ബസ്റ്റോപ്പിൽ ബസ് കാത്തുനിന്ന പ്രദീപ് തൊട്ടരികിൽ ഒരു കാഴ്ച കണ്ടു .ഒരു പെൺകുട്ടി മറച്ചുവട്ടിലിരുന്നു തേങ്ങി കരയുന്നത്.പ്രദീപ് ആ കുട്ടിയുടെ അടുത്ത് ചെന്നു.എന്തിനാണ് കുട്ടി പറയുന്നതെന്നു ചോദിച്ചു .അവൾ ഒന്നും മിണ്ടാതെ അവനെ തന്നെ നോക്കി തേങ്ങി കരഞ്ഞു. പ്രദീപ് അവളെ ആശ്വസിപ്പിച്ചു .അവൻ അവളോട് തന്റെ പേരെന്താണെന്നു ചോദിച്ചു.ഒരു പതുങ്ങിയ സ്വരത്തിൽ അവൾ പറഞ്ഞു മാളു .മാളു എന്തിനാണ് കരയുന്നത്.വൈകിയ നേരത്തെ എന്തിനാണ് ഇവിടെ വന്നിരിക്കുന്നത് ?പ്രദീപ് ചോദിച്ചു .വളരെ സങ്കടത്തിൽ അവൾ പറഞ്ഞു .എന്റെ 'അമ്മ മരിച്ചു പോയി .അച്ഛൻ വീണ്ടും കല്യാണം കഴിച്ചു . വളർത്തമ്മ എന്നെ ഒരു വേലക്കാരിയായാണ് കണക്കാക്കുന്നത് .വീട്ടിലെ എല്ലാ ജോലിയും ഞാൻ ചെയ്യണം .എന്നെ സ്കൂളിൽ പഠിക്കാൻ വിടില്ല. ഒരുപാടു നാളുകൾ ഞാൻ അവരുടെ അതികഠിനമായ ക്രൂരതകൾ സഹിച്ചു കഴിഞ്ഞു .പിന്നെ എന്റെ മനസ്സ് വേദനിക്കും വിധം അച്ഛനും എന്നെ തള്ളിപ്പറഞ്ഞു .വീട്ടിൽ ആരും ഇല്ലാത്ത നേരം നോക്കി ഞാൻ വീട് വിട്ട് ഇറങ്ങിപ്പോന്നു .എന്റെ 'അമ്മ ഉണ്ടായിരുന്നെങ്കിൽ ഇന്ന് എനിക്ക് ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല .ഓരോ വാക്കും പറയുമ്പോഴും അവളുടെ ശബ്ദം ഇടറിത്തുടങ്ങിയിരുന്നു .അവളുടെ വാക്കുകൾ കേട്ട് അവന്റെ കണ്ണുകൾ നിറഞ്ഞു .അന്ന് ആദ്യമായി പ്രദീപിന്റെ ബസ് മിസ് ആയി.അവൻ അത് കാര്യമാക്കിയില്ല .മാളുവിന്റെ കഥ കേട്ടപ്പോൾ പ്രദീപിന്റെ നെഞ്ച് ഉരുകി .നേരം വൈകി തുടങ്ങി. ബസ്റ്റോപ്പിൽ ആരും ഇല്ല.അവളെ തനിച്ചാക്കി പ്രദീപ് വീട്ടിലേക്ക്

മടങ്ങി.അന്ന് രാത്രിയിൽ അവന്റെ മനസ്സിൽ ആ പെൺകുട്ടിയായിരുന്നു.പിറ്റേന്ന് രാവിലെ പത്രം നോക്കിയപ്പോൾ ഒരു 8 വയസ്സുകാരി മരിച്ച നിലയിൽ കണ്ടെത്തി എന്ന വാർത്ത പ്രദീപ് കണ്ടു.കൂടുതൽ വായിച്ചു നോക്കിയപ്പോഴാണ് തൻ ഇന്നലെ കൂടി സംസാരിച്ച മാളു ആണിന് എന്ന് അവനു മനസ്സിലായത്.അവൻ ആകെ തളർന്നു.മനസ്സ് ഒന്നാകെ ഇടറി.തളക്കപ്പെട്ട മൃഗത്തെപ്പോലെ അവൻ ഇരുന്നു .കാരണം അവനും അനാഥനായിരുന്നു .

നിമിഷ ടിപി (IX H)

# നീലത്തിമിംഗലം വിഴുങ്ങിയ ജീവിതം




അന്നൊരു പുതുവത്സര ദിനമായിരുന്നു .മോഹനന്റേയും രചനയുടെയും ഏക മകനായിരുന്നു ആനന്ദ് .ജനുവരി തിങ്കളാഴ്ച്ച .എട്ടാം തരത്തിൽ പഠിക്കുന്ന ആനന്ദ് വേഗം സ്കൂളിൽ പോകാൻ ഒരുങ്ങി.കൂട്ടുകാർക്കു വേണ്ടി ആശംസാകാര്ഡുകളുമായി അവൻ വക്കീൽമാരായ അമ്മയോടും അച്ഛനോടും യാത്ര പറഞ്ഞു സ്കൂളിലേക്ക് ഇറങ്ങി ണ്.ക്ലാസ്സിൽ ഒന്നാമനായിരുന്നു ആനന്ദ്. തന്റെ കൂട്ടുകാർക്കെല്ലാം ആശംസകളും ,കാർഡുകളും കൊടുത്ത് സന്തോഷത്തിലിരുന്ന ആനന്ദിനെ വീട്ടിൽ ഒരു പുതിയ കൂട്ടുകാരനാണ് വരവേറ്റത്.അടുത്ത ദിവസം അവൻ ക്ലാസ്സിൽ പോയി വീട്ടിൽ വെച്ചിരിക്കുന്ന തന്റെ പുതിയ കൂട്ടുകാരനെ ചർച്ച വിഷയമാക്കി.എല്ലാവര്ക്കും ആനന്ദിനോട് പുച്ഛം തോന്നി.കാരണം അവരിൽ പലർക്കും അതെ കൂട്ടുകാരനെ നാലാം തരത്തിൽ പഠിക്കുമ്പോഴേ കരസ്ഥമായിരുന്നു.ആനന്ദ് ഇപ്പോൾ പഠനത്തിൽതീരെ ശ്രദ്ധിക്കുന്നില്ല.തന്റെ പുതിയ കൂട്ടുകാരനെ മാത്രം അവനു മതി.ഊണും വേണ്ട ഉറക്കവും വേണ്ട.ജോലിത്തിരക്ക് കാരണം മോഹനനും രചനക്കും അവനെ തീരെ ശ്രദ്ധിക്കാൻ പറ്റാറില്ല.എങ്കിലും അവർ അവനിൽ ചില മാറ്റങ്ങൾ ശ്രദ്ധിച്ചു.സ്കൂൾ വിശേഷം പറയാൻ പിന്നാലെ നടക്കാറുള്ള ആനന്ദ് അല്ല ഇപ്പോൾ. രണ്ടു ദിവസമായി അവൻ ആരോടും മിണ്ടുന്നില്ല.ഒരു ദിവസം ഭക്ഷണമൊന്നും കഴിച്ചില്ല.കയ്യിലും കാലിലുമായി നിറയെ

മുറിവുകൾ മൽസ്യത്തിന്റെ അല്ല തിമിംഗലത്തിന്റേതു പോലെ ചിത്രം.എന്തോ പന്തികേട് തോന്നിയ അവന്റെ മാതാപിതാക്കൾ ഒരു ദിവസം ലീവ് എടുത്ത് അവനെയും കൂട്ടി ഒരു കൗൺസിലിംഗ് സ്പെഷ്യലിസ്റ്റിന്റെ അടുത്ത് പോയി. ആ ഡോക്ടർ അവനോട് മാത്രമായി സംസാരിച്ചു അതിനു ശേഷം അവന്റെ സ്വഭാവ മാറ്റത്തിന്റെ ഉറവിടം അതെ ഡോക്ടർ കണ്ടെത്തി.അവന്റെ മാതാപിതാക്കളെ വിളിച്ച ഡോക്ടർ പറഞ്ഞു കൊടുത്തു.അവന്റെ പുതിയ കൂട്ടുകാരൻ പുതുവത്സരസമ്മാനം ഫോൺ .അവൻ അതിലെ ഒരു ഗെയിമിൽ അകപ്പെട്ടിരിക്കുകയാണ് .എത്രയോ കുട്ടികളെ വഴിതെറ്റിച്ച് മരണത്തിലേക്ക് നയിച്ച ബ്ലൂ വെയിൽ .ധിം.പെട്ടെന്ന് ഒരൊച്ച മുകളിൽ നിന്ന് എന്തോ  വീണു.രചന ഓടിപ്പോയി നോക്കി .നടക്കരുതേ എന്ന് പ്രാർഥിച്ചത് നടന്നു.ആനന്ദ് അതാ രക്തത്തിൽ പിടഞ്ഞു വീണു കിടക്കുന്നു.അവൻ ഗെയിമിലെ അൻപതാം ലെവൽ കടന്നു.നീലത്തിമിംഗലം അവനെ വിഴുങ്ങി.രചന മാനസിക വിഭ്രാന്തിയാൽ എവിടേക്കോ പോയി മറഞ്ഞു.മോഹനൻ അവിടെ തന്നെ നിശ്ചലനായി നിന്ന്.ഓടി വന്നു കുറെ മൊബൈൽ കണ്ണുകൾ.വിജയത്തിന്റെ ഫ്ളാഷ് ലൈറ്റ് ഇട്ടുകൊണ്ട്.

ശരണ്യംബിക  കെ ജെ (IX A)

# പ്ലാവിന്റെ ആത്മകഥ



എന്റെ അമ്മയുടെ ഉദരത്തിൽ
നിന്നും പിറന്നു വീഴുന്നതിൻ
മുൻപേ നിങ്ങൾ എന്നെ
അമ്മയിൽ നിന്നും വേർപെടുത്തി
ഒരിക്കലും തിരിച്ചുപോകാനാകാത്ത
വിധത്തിൽ ........
എന്നെ നിങ്ങൾ മണ്ണിൽ ഉപേക്ഷിച്ചു
അമ്മയെ  മുൻപേ കൊലപ്പെടുത്തി
ആ വേദനയുടെ നീറ്റൽ
ഉള്ളിലൊതുക്കി ഞാൻ വളർന്നു.
നിങ്ങള്ക്ക് വേണ്ടി മാത്രമായി .....
വളർച്ച പൂർണമായ എന്റെ തണലിൽ
നിങ്ങൾ നിറമാർന്ന
സ്വപ്നച്ചിറകിലേറി
ചെറുമയക്കത്തിനിടയിൽ
ഒടുവിൽഞാനും ഒരമ്മയായി
ഞാൻ പെറ്റ കുഞ്ഞിനെ നിങ്ങൾ
എടുത്തു അതിന്റെ അവയവങ്ങൾ
നിങ്ങൾക്ക് രുചികൾ നൽകി
അപ്പോഴും എന്റെ ക്ഷമ നശിച്ചില്ല
ഞാനൊരു അമ്മയല്ലേ
ഭൂമിയോളം സഹിക്കും ക്ഷമിക്കും
എന്തൊരു വേദനയും ..
എൻ ശാഖകൾ  നിങ്ങൾ തൻ
കുഞ്ഞിന് ഊഞ്ഞാലയായി ഞാൻ
നൽകിയെന്നും .....
ഒടുവിൽ ഞാൻ വാർധക്യ വേളയിൽ
എത്തി.......അപ്പോഴും
എന്നുടെ മുള്ളുടുപ്പിട്ട
കുഞ്ഞുങ്ങളെ നൽകി ഞാൻ
നിങ്ങൾക്കായി ....
ഒടുവിൽ ഒരുനാൾ ഒരു

വാളിന് മൂർച്ച പെട്ടെന്നെൻ
ഹൃദയത്തിൽ തുളച്ചു കയറി .....
നിമിഷങ്ങൾക്കുളിൽ ഞാൻ
കഷണങ്ങളായി കഴിഞ്ഞിരുന്നു
അപ്പോഴും എന്നുടെ
ധീരമാം രോദനം കേട്ടീലാ നിങ്ങൾ
കണ്ടതില്ല ......
ഇന്ന് ഞാൻ നിങ്ങൾ തൻ
വീട്ടിലെ വിരുന്നു മേശയായി
എന്നിലെ പ്രാണനും
നിലച്ചു ഇന്ന് ..........

പുണ്യ പി (VIII I)

# സുദൃഢമായ ബന്ധങ്ങൾ



വിലപ്പെട്ടതാണെന്റെ ബന്ധങ്ങൾ
ഈറനായി അമൃതായി പൊഴിയും
നിന്റെ
സ്നേഹമായി നിന്റെ
ജീവിതത്തിന്റെ
കുളിര്മയേകും നിലാവെണ്മയോടെ
നിന്റെ ബന്ധങ്ങൾ
ത്തുമഞ്ഞു പോലെ പൊഴിയും
ജീവനായ് അമൃതായ് ദീപമായ്
നാളമായ് ഓരോ ബന്ധവും നിന്റെ
സ്നേഹത്താൽ നിന്നെ ഞാൻ
ഓർത്തിടുന്നു നിന്റെ കിനാക്കളാൽ ..
ലോലമായ് സ്നേഹബന്ധങ്ങൾ
എൻ സിരകളിലൂടെ ഒഴുകുന്നു
അതൊരു സ്നേഹമായ് രക്ത
ബന്ധമായ് എന്റെ മനസ്സിൽ
നിലകൊള്ളുന്നു....

ജെന്നിഫർ എസ് (VIII H)

# എന്റെ വൃക്ഷം



മനുഷ്യ മനസ്സുകളിലെ ചില
ചിന്തകൾ വിത്തുകളായി
മനസ്സ് എന്ന ഭൂമിയിൽ
മുളച്ചുവരുന്ന പുൽ നാമ്പുകൾ പോലെ ....
തളിർത്തു തഴച്ച ഇളം മൊട്ടുകൾ
പോലെ എൻ മനസ്സിൽ ......
ഇളം മൊട്ടുകൾ തൻ ഭംഗി
യാർന്ന ഇളം മൊട്ടുകൾ പോലെ
ഉള്ള ഇതളുകൾ കാട്ടി .
പുഞ്ചിരിച്ച ഉല്ലാസഭരിതയാകു
മെൻ മനസ്സിന്റെ വിശാലതയിൽ ...

ഞാൻ അറിഞ്ഞു ,ഞൻ എന്റെ

മനസ്സിൽ പതിപ്പിച്ച വിത്തുകളുടെ
മാറ്റമാർന്ന വൈവിധ്യങ്ങൾ
അത് ഒരു വൻവൃക്ഷമായിരുന്നു
ചില മുദ്ര ശാഖകളും
ഭംഗി എന്ന ഒരർത്ഥം
തുളുമ്പുന്ന സാഹിത്യ വൃക്ഷങ്ങൾ

ഹൃത്തടമാകും വിശാലതയിൽ
ചെറുചിന്തകളാകുന്ന ഊർജ രശ്മികൾ ..
വളർച്ചയെത്തിയ ഒരു വൻവൃക്ഷം
ഞാൻ കതിരണിയിച്ച
എന്റെ ഭാവനകളാൽ
ഉയർന്ന വൻവൃക്ഷം

ഡയാന (IX D)

# പ്രകൃതിയായ മാതാവ്



പ്രകൃതിയാം മാതാവേ നിൻറെ
ലോല ഹൃദയത്തിൽ വസിക്കുമീ
ഞങ്ങൾക്ക് നീ ചെയ്യുമീ
പുണ്യത്തിനു നന്ദി
വളരെ സുന്ദരമാം
നിന്റെ ഭൂമിയെ
മനോഹാരിതകളാൽ
നീ നിറക്കുന്നു

നിന്നുടെ സ്നേഹം എത്ര വിശാലമാണ്
നിന്റെ ഭൂമിയിൽ വസിക്കുമീ
മരങ്ങൾ കുന്നുകൾ പിന്നെ
എന്തെല്ലാം കാര്യങ്ങൾ
എന്നും ഓർത്തിരിക്കാൻ
പൊൻതുവൽ പോലെ
എന്നുള്ളിൽ ഒത്തിരി ഒത്തിരി
നിന്റെ സ്നേഹം നിറയുന്നു

അനഘ കെ വി (VIII H)

# സ്വപ്നം



വാക്കുകളുടെ ആഴങ്ങളിലേക്ക് പോകുംതോറും നാം കാണുന്ന ഒരു മഹാലോകമായ പൂന്തോട്ടം .വിവിധ തരത്തിലുള്ള പൂക്കളാലും ,ഫലങ്ങളാലും നിറഞ്ഞിരിക്കുന്ന ലോകം .അങ്ങനെയൊരു ലോകം നേരിട്ട് കാണുക എന്ന ലക്ഷ്യത്തോട് കൂടി നടക്കുന്ന ഒരു കുഞ്ഞു ബാലിക .അവളുടെ മനസ്സിൽ ലോകം എന്താണെന്നറിയാനുള്ള ഒരു ആവേശം നിറഞ്ഞിരുന്നു.അവൾ പല വഴികളിലൂടെയും കടന്നുപോയി.പല ജീവിതങ്ങളിലൂടെയും അവൾ സഞ്ചരിച്ചു.കുറെ കാലം ആ വഴികളിലൂടെ അവൾ സഞ്ചരിച്ചു.പിന്നീടവൻ ആ ലോകത് എത്താൻ വേണ്ടിയുള്ള ശ്രമങ്ങളിലൂടെ ആ വഴി കാണുകയും ചെയ്തു .അവൾ ഒരു വലിയ സുന്ദരമായ ,വളരെ മനോഹരമായ ഒരു ലോകം കണ്ടു. ആ ലോകത് വളരെ സുന്ദരമായ വൃക്ഷങ്ങളും ,ചെടികളും ,ഫലങ്ങളും അവൾ കണ്ടു.അവൾ ആ ഭംഗി ആസ്വദിക്കാൻ തുടങ്ങി.അവൾ വൃക്ഷങ്ങളിലെ ഫലങ്ങൾ കഴിക്കുകയും അതിന്റെ സ്വാദ് അനുഭവിക്കുകയും ചെയ്തു,പിന്നീട് അവളുടെ മനസ്സിൽ തോന്നിയ ഒരു ആശയം വലിയ ചെടികൾക്കിടയിൽ തന്റെ ഒരു കുഞ്ഞു ചെടി നടാൻ .അവൾ അത് നട്ടുകൊണ്ടിരിക്കെ ചിന്തിച്ചു.തോട്ടക്കാരുടെ ചെടികൾക്കിടയിൽ കാറ്റത്ത് ആടിയുലഞ്ഞു നിൽക്കുന്ന തന്റെ പുൽച്ചെടി.അവൾ മതിമറഞ്ഞു ആഹ്ലാദത്തിന്റെ

ആഴങ്ങളിൽ ആണ്ടു .പിന്നീടവൻ ചെടി നട്ടു.ഇന്ന് ആ പുൽച്ചെടിയെ എല്ലാവരും കാണുന്നത് പുൽച്ചെടികളിലെ ഏറ്റവും വലുതായ ഒന്നായാണ്.

പെട്ടെന്ന് ബെല്ലടിച്ചു .ക്ലാസ്സിൽ പോകാനുള്ള ബെൽ ആയിരുന്നു.അവൾ പെട്ടെന്ന് സ്വപ്നത്തിൽ നിന്നുണർന്നു.എന്നിട്ട് ക്ലാസ്സിലേക്ക് പോയി .അവൾ നടക്കുമ്പോഴെല്ലാം അവളുടെ മനസ്സിൽ ഒരു ചിന്ത മാത്രമായിരുന്നു.പിന്നീട് ആ ചിന്ത സ്വപ്നമായി മാറി .ആ സ്വപ്നം പിന്നീട് പേപ്പറിൽ പതിഞ്ഞു വന്നു.അങ്ങനെ അവൾ അവളുടെ കവിത പൂർത്തിയാക്കി.ആ കവിത ഇന്ന് ആസ്വാദകമനസ്സുകൾ ഇരുകയ്യും നീട്ടി സ്വീകരിച്ചു.ഇന്ന് ആ കവിത കവിതയാകുന്ന പൂന്തോട്ടത്തിലെ കാറ്റത്ത് ആടിയുലഞ്ഞു നിൽക്കുന്നുണ്ട് ആ പുൽച്ചെടി.

ആഗ്നാ പി (IX A)

# വിതുമ്പലിന്റെ പാതയിൽ




ഒരു വേനൽ കാലമായിരുന്നു.ഒരു പെൺകുട്ടി അവളുടെ പേര് ശ്രുതി എന്നായിരുന്നു.ആ പൊരിവെയിലത്ത് ഒരു കുട പോലും ഇല്ലാതെ ആ പെൺകുട്ടി അവളുടെ ദുഃഖങ്ങൾ എല്ലാം പേറി ആ പാതയിലൂടെ നടന്നു നീങ്ങുകയാണ്.അവളുടെ ജീവിതവുമായി സാദൃശ്യമുണ്ടായിരുന്നു ആ വരണ്ടുണങ്ങിയ പാതക്ക് .ദാരിദ്ര്യം പിടിച്ചുകുലുക്കിയിട്ടുണ്ട് അവളെ.അവൾ തന്റെ ദുഖങ്ങളെല്ലാം പങ്കുവെക്കുന്നത് അവിടെയുള്ള പൂക്കളോടും പൂമ്പാറ്റകളോടും ആയിരുന്നു.കാരണം അവൾക്കു അവളുടെ കാര്യം പറയാൻ ആരും ഇല്ലായിരുന്നു.ഒരു കാലമുണ്ടായിരുന്നു അവൾക്കു .സന്തോഷവും ആഹ്ലാദവും എല്ലാം നിറഞ്ഞ നാളുകൾ.അവളുടെ പ്രിയതമന്റെ കൂടെ നടന്ന നാളുകൾ.എല്ലാം തകർന്നു.അതോർക്കുമ്പോൾ അവളുടെ കണ്ണൊന്നു നിറയും.അവളുടെ ഭർത്താവിന്റെ പേര് ശരത്ത് എന്നായിരുന്നു.അവർ സ്നേഹിച്ചു വിവാഹം ചെയ്തതാണ്.ശരത്ത് ഒരു പാവപ്പെട്ട വീട്ടിലാണ് ജനിച്ചത്.അത് വലിയ ഒരു പ്രശ്നമായിരുന്നു.ശ്രുതി ഒരു പണക്കാരന്റെ മകളാണ്.ശരത്തിനു ഒരിക്കലും തന്റെ മകളെ വിവാഹം ചെയ്തു കൊടുക്കില്ലെന്ന് പറഞ്ഞു ശ്രുതിയുടെ അച്ഛൻ .ശരത്ത് ഒരു എൻജിനീയർ ആണ്.ശ്രുതി ഒരു ടീച്ചറുമായിരുന്നു.അവൾ പറഞ്ഞു സരത്തിന്റെയും തന്റെയും ശമ്പളം മതി അവർക്കു ജീവിക്കാൻ .

പക്ഷെ അവളുടെ അച്ഛൻ അതിനു സമ്മതിച്ചില്ല. അമ്മയ്ക്കും ആ വിവാഹബന്ധത്തിനു

താൽപറയമുണ്ടായിരുന്നില്ല.അവൾക്കൊരു സഹോദരനുണ്ടായിരുന്നു.സിദ്ധാർഥ .അവനു ശരത്തിനെ വളരെ ഇഷ്ടമാണ്.ശ്രുതിയുടെ കടും പിടുത്തം കാരണം ശരത്തിനു വിവാഹം ചെയ്തു കൊടുത്തു.മനസ്സിലല്ലാമനസ്സോടെ ശരത്തിനെ മരുമക നായി സ്വീകരിച്ചു .എതിർപ്പുകൾ കല്യാണം കഴിഞ്ഞിട്ട് തീർന്നിട്ടില്ലായിരുന്നു .അപ്പോൾ അവർ വീട് മാറി താമസിച്ചു.കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവൾ ഗർഭിണിയായി.ആ സന്തോഷം അവർ ആഘോഷിച്ചു.പക്ഷെ ശ്രുതിയുടെ മാതാപിതാക്കൾക്ക് ശരത്തിന്റെ കുഞ്ഞായതു കൊണ്ട് തന്നെ സ്വീകരിക്കാൻ താത്പര്യമുണ്ടായിരുന്നില്ല.ശ്രുതിയെയും ശരത്തിനെയും ഒരു ദിവസം കാണാൻ വേണ്ടി അവരുടെ മാതാപിതാക്കൾ ചെന്നു .അവർ അവരെ സന്തോഷത്തോടെ വീട്ടിലേക്ക് വിളിച്ചു കൊണ്ട് പോയി.ആ സന്തോഷത്തിന്റെ മറവിൽ ഒരു മരണക്കെണിയുണ്ടായിരുന്ന കാര്യം അവർ അറിഞ്ഞില്ല.അവർ നേരെ പോയത് ഒരു കാട്ടിലേക്കായിരുന്നു .അവരെ പുറത്തിറക്കി എന്നിട്ട് പറഞ്ഞു കാഴ്ച കാണിക്കാനാണെന്നു.അവിടെ വെച്ച് അവർ ശരത്തിനെ കൊന്നു.അവളുടെ മാനസിക നിലയാകെ തെറ്റി.എങ്ങോട്ടെന്നറിയാതെ അവൾ നടന്നു നീങ്ങി.

സൂര്യ എ ടി (IX C)

# പിഞ്ചു കുഞ്ഞുമായി അമ്മൂമ്മ



നല്ല മഴയായിരുന്നു.രാമുവും കുട്ടനും മഴ പെയ്യുന്നത് കാരണം ഒരു ചായക്കടയിൽ ചൂട് ചായ കുടിച്ചുകൊണ്ട് ഇരിക്കുകയാണ്.പുറത്തിറങ്ങാൻ കഴിയാത്ത വിധം മഴ .അങ്ങനെയിരിക്കെ ഒരു അമ്മൂമ്മ തോളിൽ ഒരു സഞ്ചിയൊക്കെയിട്ട് ഒരു പിഞ്ചുകുഞ്ഞിനെ എടുത്തുകൊണ്ട് കീറിപ്പൊളിഞ്ഞ കുടയും പിടിച്ച് റോഡരികിൽ കൂടി നടക്കുകയാണ്.കുഞ്ഞാണെങ്കിൽ നല്ല കരച്ചിലുമാണ്.അമ്മൂമ്മയ്ക്ക് എ കുഞ്ഞിനെ എടുത്ത് നടക്കാനാവുന്നില്ല.കുട്ടനും രാമുവും വിചാരിച്ചു.കുഞ്ഞിന്റെ 'അമ്മ അമ്മൂമ്മയുടെ പിറകെ വരുമെന്ന്.അവർ രണ്ടു പേരും നോക്കി നിന്നു .കുഞ്ഞിന്റെ 'അമ്മ വരുന്നതായി അവർ കണ്ടില്ല.കുറച്ച് കഴിഞ്ഞപ്പോൾ അവർ ആ അമ്മൂമ്മയെ നോക്കി. അമ്മൂമ്മയുണ്ട് ക്ഷീണിതയായി ഒരു കല്ലിനു മുകളിരിക്കുന്നു.കുഞ്ഞു അമ്മൂമ്മയുടെ മടിയിൽ ഉണ്ട് .രാമുവും കുട്ടനും അമ്മൂമ്മയെ പോയി നോക്കാമെന്നു വിചാരിച്ച അവർ അടുത്തുള്ള ഒരു കടയിൽ നിന്നും ഒരു കുട വാങ്ങി അമ്മൂമ്മയുടെ അടുത്തേക്ക് പോയി.രാമുഅമ്മൂമ്മയോട് ചോദിച്ചു.കുഞ്ഞു കരയുന്നുണ്ടല്ലോ?ഈ കുഞ്ഞിന്റെ അമ്മയെവിടെയെന്നും.അപ്പോൾ അമ്മൂമ്മ വിതുമ്പലോടെ പറഞ്ഞു.ഇത് എന്റെ മകളുടെ കുഞ്ഞാണ്.അപ്പോൾ അച്ഛൻ ?അവൾ കഴിഞ്ഞു കുറച്ചു കഴിഞ്ഞപ്പോഴേക്കും ഗർഭിണിയായി എന്നും പിന്നെയവൾ എന്റെയടുത്തായി .ഇപ്പോൾ അവനു ഇ കുഞ്ഞിനേയും വേണ്ട എന്ന മട്ടിലാണ്.പ്രസവം കഴിഞ്ഞു രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഈ കുട്ടിയെ ഒറ്റയ്ക്കാക്കി അവൾ ആത്മഹത്യ ചെയ്തു. രാമു ആ കുഞ്ഞിനെ അമ്മൂമ്മയുടെ മടിയിൽ നിന്നെടുത്ത് ,കുട്ടൻ പതുക്കെ അമ്മൂമ്മയെ എഴുന്നേൽപ്പിച്ച് ഇരുവരും

പറഞ്ഞു.അമ്മൂമ്മയ്ക്ക് ഇനി ഞങ്ങളുടെ കൂടെ നിൽക്കാം.അമ്മൂമ്മ സമ്മതിച്ചില്ല.രാമുവും കുട്ടനും വാശിപിടിച്ച് അമ്മൂമ്മയെ കൂട്ടി നടന്നു.അപ്പോഴേക്കും മഴ തോർന്നു .ഇരുണ്ട മഴകാറിൽഅവർ മൂന്നുപേരും കുഞ്ഞുമായി നടന്നു അങ്ങ് ദൂരെയെത്തി.

ഗോപിക എ (IX)

# ലഹരിമരുന്ന്



ക്ലാസ്സിൽ എല്ലാറ്റിനും ഒന്നാമനായിരുന്നു അരുൺ.അവന്റെ അച്ഛനും അമ്മയ്ക്കും ഓമനപുത്രനായിരുന്നു അരുൺ .അങ്ങനെയിരിക്കെ ഒരു വെള്ളിയാഴ്ച ഉച്ചക്ക് സ്കൂളിൽ ഉച്ചഭക്ഷണത്തിനുള്ള ബെല്ലടിച്ചു .കുട്ടികളെല്ലാം ഉച്ചക്കഞ്ഞി വാങ്ങാനായി പോയി.കൂടെ അരുണും.ഉച്ചഭക്ഷണം കഴിക്കുന്നതിനിടയിൽ അവന്റെ സുഹൃത് അവനു ഒരു മിഠായി നൽകി.അവൻ ഭക്ഷണം കഴിച്ചു കഴിഞ്ഞതിനു ശേഷം ആ മിഠായി കഴിച്ചു.രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവനിൽ ചില മാറ്റങ്ങൾ കാണാൻ തുടങ്ങി.വീട്ടിൽ വന്നയുടൻ പഠിക്കുന്ന അവൻ ഉറക്കം മാത്രമായി .സ്കൂളിലാണെങ്കിൽ എല്ലാത്തിനും ഒന്നാമനായിരുന്ന അവൻ പഠനത്തിൽ പിന്നോട്ടായി .ഒരു ദിവസം അവന്റെ അച്ഛൻ അവന്റെ ബാഗ് പരിശോധിക്കാൻ ഇടയായി.ബാഗ് തുറന്നപ്പോൾ കണ്ട കാഴ്ച്ച അച്ഛനെ അത്ഭുതപ്പെടുത്തി.ബാഗിൽ നിറയെ ലഹരി മരുന്ന്.എന്ത് ചെയ്യണമെന്നറിയാതെ അച്ഛൻ അവൻ പുറത്തുപോയി വരുന്നത് വരെ കാത്തുനിന്നു.ഇതവന്റെ അമ്മയെങ്ങാനും അറിഞ്ഞാൽ അവൾ തകർന്നുപോകും.അച്ഛൻ അമ്മയോട് ഒന്നും പറഞ്ഞില്ല.അങ്ങനെ സന്ധ്യയായി.അവൻ വീട്ടിലേക്ക് തിരിച്ചെത്തി .അവൻ ലഹരിമരുന്ന് എടുത്തു കുത്തി.അച്ഛൻ അപ്പോൾ മയങ്ങുകയായിരുന്നു.എന്തോ ഒരു ശബ്ദം കേട്ട്അച്ഛൻ വന്നു നോക്കി.അച്ഛൻ അപ്പോൾ കണ്ടത് ഭ്രാന്തോടെ വീണ്ടും വീണ്ടും ലഹരിമരുന്ന് കഴിക്കുന്ന മകനെയാണ്.ആ കാഴ്ച കണ്ടപ്പോൾ അവനെ തല്ലാനായി കയ്യോങ്ങിയ അച്ഛനെ അവൻ കത്തി കൊണ്ട് കുത്തി.അവൻ എങ്ങോട്ടെന്നില്ലാതെ പുറത്തേക്കിറങ്ങിയോടി.ഭർത്താവിന്റെ മരണവും മകന്റെ ലഹരി ഉപയോഗവും എല്ലാം കേട്ട്

ആ 'അമ്മ ആകെ മാനസിക വിഭ്രാന്തിയിലായി.ലഹരി കാരണം ആ കുടുംബം തകർന്നു .

"ലഹരി മരുന്ന് നമ്മുടെ ജീവിതത്തെ തന്നെ മാറ്റിയേക്കും.നമുക്കെല്ലാം നഷ്ടപ്പെടും."

ആർദ്ര എ എം (VIII A)s


# ആത്മബന്ധം



പണ്ടൊരിക്കൽ ഒരു ഗ്രാമത്തിൽ ഒരു അമ്മയുണ്ടായിരുന്നു.ആ അമ്മയ്ക്കു തന്റെ ഏകമകളെ ഒത്തിരി ഇഷ്ടമായിരുന്നു.എന്നാൽ അവളുടെ അച്ഛൻ തികഞ്ഞ മദ്യപാനി ആയിരുന്നു.ദിവസവും വീട്ടിലെത്തി ആ അമ്മയെയും മകളെയും ഉപദ്രവിക്കുമായിരുന്നു.മദ്യപാനം മൂലം അദ്ദേഹം മരണപ്പെട്ടു.അച്ഛന്റെ കടം വീട്ടാൻ 'അമ്മ രാപ്പകലില്ലാതെ ജോലി ചെയ്തു.വീട്ടുചിലവും മകളുടെ പഠനചിലവുമായി 'അമ്മ ഒരുപാട് കഷ്ടപ്പെട്ടു.അമ്മയുടെ കഷ്ടപ്പാട് കണ്ട മകൾ അമ്മായോട് പറഞ്ഞു.ഞാനിനി പഠിക്കുന്നില്ല.അത് കേട്ട 'അമ്മ മകളോട് സ്നേഹപൂർവ്വം പറഞ്ഞു.''മോളെ നീ ഈ അമ്മയെപ്പോലെ കഷ്ടപെടാതിരിക്കാനാണ് ഞാൻ നിന്നെ പഠിപ്പിക്കുന്നത്.നീ വലിയ ആളായി ലോകമെമ്പാടും അറിയുന്ന ഒരു പ്രശസ്ത ആളാകണം .അത് പറയുമ്പോൾ അമ്മയുടെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണുനീർ താഴേക്ക് പതിച്ചു.മകൾ അമ്മയോട് ചോദിക്കുമ്പോൾ 'അമ്മ പറയുന്നു.എനിക്കും നിന്നെ പോലെ തന്നെ സ്വപ്നങ്ങൾ ഉണ്ടായിരുന്നു.നിന്റ അച്ഛനെ വിവാഹം ചെയ്ത അന്ന് തന്നെ എന്റെ സ്വപ്നങ്ങൾ എന്നെ വിട്ടുപോയിരുന്നു.ക്രൂരമായി മർദിക്കാത്ത ഒരു ദിവസം പോലും ഉണ്ടായിരുന്നില്ല.സ്വന്തം അച്ഛനമ്മമാർ വരുമ്പോൾ പോലും കാണാനുള്ള അനുവാദം ഇല്ലായിരുന്നു.നീ ഒരിക്കലും എന്നെപോലെ മാറരുത് മകളെ .അതിനു നീ ആത്മവിശ്വാസത്തോടെ തന്നെ പഠിക്കണം .

സിൽജ .ഇ (VIII G)

# അമ്മ



ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ ഒരു അമ്മയും മകനും ഉണ്ടായിരുന്നു.അച്ഛനില്ലാത്ത മകന് അമ്മഒരു കുറവും കാട്ടിയിരുന്നില്ല .വാത്സല്യം അവൻെറ വഷളാക്കി.ചീത്തക്കൂട്ടുകെട്ടുകളിലേക്ക് നയിച്ചു.ആ മകൻ ചെറുപ്രായത്തിൽ തന്നെ അലസനും മടിയനുമായി തീർന്നു.പാവം 'അമ്മ ,അമ്മയെ എത്ര ദ്രോഹിച്ചാലും അമ്മയ്ക്ക് ആ മകനോട് ഒരു ദേഷ്യവും ഉണ്ടായിരുന്നില്ല.അച്ഛനില്ലാത്ത കുറവ് മകൻ അറിയരുത് എന്നെ അമ്മയുടെ മനസ്സിലുള്ളൂ.'അമ്മ മറ്റുള്ളവരുടെ അടുക്കളയിൽ പാത്രം കഴുകിയും മുറ്റംവാരിയും പണം കണ്ടെത്തുന്നവളാണ്.സത്യത്തിൽ ആ കുടുംബം ദാരിദ്ര്യമാണ്.എന്നാൽ മകൻ അതൊന്നും വകവെക്കാതെ തോന്നിയതുപോലെ പണം ചിലവാക്കി നടന്നു.ഒരു ദിവസം 'അമ്മ സുഖമില്ലാതെ കിടന്നപ്പോൾ മകനോട് 'അമ്മ ഒരു സഹായം ആവശ്യപ്പെട്ടു.ഉച്ചക്കഞ്ഞിക്ക് വേണ്ടി അടുപ്പ് കത്തിക്കാൻ വിറകില്ല.വിറകുപുരയിലേക്ക് പോകാൻ അമ്മയ്ക്ക് വയ്യ .അവൾ തന്റെ മകനെ വിളിച്ചു.

"മോനെ ഉച്ചക്കഞ്ഞി ഉണ്ടാക്കാൻ വിറകില്ല.ഒന്ന് വിറകുപുരയിൽ ചെന്ന് വിറക് എടുത്തു തരുമോ?"'അമ്മ ചോദിച്ചു.

ഹാ എനിക്ക് വായ്യ "അവൻ പറഞ്ഞു.

"മോനെ അമ്മയ്ക്ക് വയ്യാഞ്ഞിട്ടല്ലേ ?"

"എടുത്തു തരാം ..പക്ഷെ അതിനുള്ള കൂലി തരണം .. എന്തെ സമ്മതമാണോ ?"

"എങ്കിൽ ഞാൻ ഇന്ന് ഈ നിമിഷം വരെ നിന്നെ പോറ്റിയതിന്റെ ചെലവ് വേണം..."

LK/17035 **മൊഴി ..**

എന്താ നിനക്ക് പറ്റുമോ?
അവൻ മൂകനായി.അവനു പറ്റിയ തെറ്റ് അവനു മനസ്സിലായി.അമ്മയുടെ വാക്കുകൾ അവനെ

വല്ലാതെ വേദനിപ്പിച്ചു.അവൻ ഒരു കോണിൽ പോയിരുന്നു.താൻ ഓര്മ വെച്ച നാൾ മുതൽ 'അമ്മ തന്നെ പോറ്റിവളർത്തിയത് ഓർത്തു.എന്നിട്ട് പകരം താൻ അമ്മയോട് ചെയ്ത വേദനകൾ ഓർത്തു വിതുമ്പി.

മാനസ പി(VIII G)

# മഴ



ആകാശം കറുത്തു..
തെങ്ങിനെ ഇളക്കുന്ന
ആനന്ദം പരത്തുന്ന
മഴക്കാറ്റ് വീശി...
മരങ്ങളും ചെടികളും
കാറ്റിൽ നൃത്തമാടി....
നനഞ്ഞു പല തലകൾ...
കൊടയും ചൂടി ചിലർ...
കൊള്ളുന്ന മഴ പലരും....
ചളിയിൽ കുളിക്കുന്ന കുട്ടികൾ
മഴ എല്ലാവര്ക്കും ആനന്ദം ..

ദേവദത്തൻ ആർ (VIII C)

# ആരോടുമില്ലാത്ത സ്നേഹം



അച്ഛനില്ലാതെ വളർന്നൊരു പെൺകുട്ടി
അമ്മയെ കൂടുതൽ സ്നേഹിച്ചു....
ആരാരും കൂട്ടില്ല ഒറ്റ നടപ്പിനാൽ ...
സങ്കടം മെല്ലെ അടുക്കി നിന്നു....
എന്തിനു ഭൂമിയിൽ ഞാൻ ജനിച്ചു...?
എന്നതിൽ ഇന്നും എനിക്കുണ്ട് ദുഃഖം...

'അമ്മ വളർത്തി വലുതാക്കുമെന്നൊരു
ചിന്തയിൽ ഞാൻ നടപ്പിലായി
നാളുകൾ കഴിഞ്ഞു 'അമ്മ മരിച്ചു...
സങ്കടം കുട്ടിക്ക് കടന്നുകൂടി....
നനയുന്ന മിഴികൾ കാണുവാൻ
ആരുമില്ലാതിരിക്കുമ്പോൾ അവൾക്കു തോന്നി..
എന്ത് ഞാൻ ചെയ്യു...

എനിക്കീ സങ്കടക്കൂടിലിൽ കഴിയാൻ ...

ഇരുട്ടിൽ കഴിഞ്ഞ ആ നാളുകളിൽ...
ഞാൻ രാത്രിയിൽ ആരുമില്ലെന്ന്
കരഞ്ഞപ്പോൾ
ഹൃദയത്തിലിന്നൊരു വെളിച്ചം വന്നു
ആര് പറഞ്ഞതും കേട്ടിടാതെ
അവൾ മുന്നിലെ വഴികളിൽ കാലുവെച്ചു
വലിയ നിലയിലെത്തി അവൾ പിന്നെ
പട്ടിണി പാവങ്ങളെ സ്നേഹിച്ചു .....

അർഷാദ് കെ (VIII F)

# പ്രളയം



അന്നൊരു നാളൊരു മഴ പെയ്തു
എന്റെ നാടിനെ ഉലച്ചീടാൻ
തക തിമി തക തിമി കൊട്ടിയിറങ്ങി
മാനുഷരെല്ലാം ഒന്നായ് മാറി
പുഴയും തോടും ഒന്നായൊഴുകി
കിണറും കുളവും നിറഞ്ഞു കവിഞ്ഞു
വീടും നാടും നഷ്ടപ്പെട്ട്
ക്യാമ്പുകളിൾ ഞങ്ങൾ നനഞ്ഞുറങ്ങി
ഇരുട്ടിൽ കഴിഞ്ഞ നാളുകൾ മാറി
മഴയെന്നു കേട്ടാൽ തുടിക്കും ഹൃദയങ്ങളിൽ
ഇന്ന് ഭീതിയുടെ അന്ധകാരം നിറഞ്ഞു
മാനുഷർ കൈകോർത്താഞ്ഞു പിടിച്ചു
കേരളനാടിൻ പുനർജന്മമായ് .....

അശ്വിൻ കെ (VIII F)

# സമുദ്രം



ഓരോ മനുഷ്യന്റെയും ജീവിതം സമുദ്രം പോലെ യാണ് .അത് ഇങ്ങനെ മാറ്റമില്ലാതെ നീണ്ടുകിടക്കുന്ന.കടലിലെ തിരകളെ നമുക്ക് എണ്ണുവാൻ സാധിക്കുകയില്ല.അത് വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കും..അത് പോലെയാണ് നമ്മുടെ മനുഷ്യരുടെ ജീവിതവും.മനുഷ്യന്റെ ജീവിതമെന്നാൽ ഒരു തിരമാല പോലെയാണ്.അങ്ങോട്ടും പിന്നെ ഇങ്ങോട്ടും നീങ്ങിക്കൊണ്ടിരിക്കും സമുദ്രത്തിന്റെ ആഴം പോലെയാണ് മനുഷ്യന്റെ മനസ്സും .കടലിന്റെ ആഴം നമുക്ക് കാണുവാനും മനസ്സിലാക്കാനും കഴിയും .പക്ഷെ മനുഷ്യന്റെ മനസ്സിന്റെ ആഴവും വലിപ്പവും നമുക്ക് കാണുവാൻ സാധിക്കില്ല.സമുദ്രം ചിലപ്പോൾ ശാന്തമായും ചിലപ്പോൾ ആർത്തലച്ചുമാണ് കാണുക.അതുപോലെയാണ് മനുഷ്യരുടെ സ്വഭാവവും പെരുമാറ്റവും.

അഭിനവ് എം (VIII A)

# ശപിക്കപ്പെട്ട ജീവിതങ്ങൾ



സൂര്യൻ അസ്തമിച്ചു .ആകാശം ഇരുണ്ടുവരികയാണ്.ആകെ ഇരുട്ട് മൂടുകയാണ്.ആകാശത്തിലേക്ക് നോക്കിയപ്പോൾ മഴക്കാറ്.ഞാൻ എന്റെ ചുറ്റിലും ഒന്ന് നോക്കി.അപ്പോഴാണ് ഞാൻ ആ കാഴ്ച കണ്ടത്.ഒരു സ്ത്രീ...പഴകിയ സാരിയുടുത്ത് കണ്ണുകൾ ചുവന്നു എന്നെ നോക്കിയിരിക്കുന്നു.ഒരു നിമിഷത്തേക്ക് ഞാൻ ആ സ്ത്രീയെ നോക്കിനിന്നുപോയി.ആകെ വിചിത്രമായിരിക്കുന്ന ആ സ്ത്രീയുടെ രൂപം .എനിക്ക് അവരെ കണ്ടപ്പോൾ പേടി തോന്നി.അവർ എന്തോ ചവക്കുണ്ടായിരുന്നു .ഞാൻ വേഗം വീട്ടിലേക്കോടി.അന്ന് രാത്രി കിടക്കുമ്പോൾ എന്റെ മനസ്സിൽ ഒരു മിന്നൽ പോലെ ആ സ്ത്രീ വന്നു ചേർന്നു.ഞാൻ ഒരുപാട് ആലോചിച്ചു.ആ സ്ത്രീ എന്തിനാ ഇങ്ങനെ ഒറ്റക്കിരിക്കുന്നതെന്നു.അങ്ങനെ ഞാൻ ഉറക്കത്തിലേക്ക് ആണ്ടു പോയി, രാവിലെ എഴുന്നേറ്റ് ചായ കുടിച്ച് ഞാൻ വീണ്ടും ആൽത്തറയിലേക്ക് പോയി. പോഎന്ത് ചോദിക്കണമെന്നെനിക്കറിയില്ലായിരുന്നു.യി.അവിടെ പോയിരിക്കുന്നത് എനിക്കൊരു വിനോദമായിരുന്നു.അന്നും ഞാൻ ആ സ്ത്രീയെ കണ്ടു.അവരുടെ കൂടെ ഒരു കൊച്ചു പെൺകുട്ടിയുണ്ടായിരുന്നു.അവളെ കണ്ടാൽ ഒരു അഞ്ചോ ആറോ വയസ്സുതോന്നിക്കും

.അവൾ കാണാൻ സുന്ദരിയാണ്.ഞാൻ അൽപനേരം ഒന്ന് ചിന്തിച്ചു .എന്നിട്ട് അവരുടെ അടുത്തേക്ക് പോയി.ആസ്ത്രീയോട് എന്ത് ചോദിക്കണമെന്നെനിക്കറിയില്ലായിരുന്നു.ഞാൻ ചോദിച്ചു.ചേച്ചിയുടെ പേരെന്താണ്? ഒന്നും മിണ്ടിയില്ല.ഞാൻ ആ ചോദ്യം ഒരു വട്ടം കൂടി ആവർത്തിച്ചു.ആ സ്ത്രീ എന്നെ നോക്കി തമിഴ് ഇടകലർന്ന മലയാളത്തിൽ പറഞ്ഞു."ലക്ഷ്മി"ഞാൻ അവരെ നോക്കി നിന്ന്.ഞാൻ ആ മകളുടെ പേര് ചോദിച്ചു.അപ്പോഴും ആ സ്ത്രീയാണ് മറുപടി പറഞ്ഞത്."അമ്മുക്കുട്ടി"ആ സ്ത്രീ കാസർഗോഡ് നിന്നാണ് വരുന്നത് .ഞാൻ ആ കുട്ടിയോട് ഒരുപാടുകാര്യങ്ങൾ ചോദിച്ചറിയാൻ ശ്രമിച്ചു.പക്ഷെ ആ കുട്ടി ഒന്നും മിണ്ടിയില്ല.അപ്പോഴാണ് ആ സ്ത്രീ പറഞ്ഞത്."മോളെ അവൾക്കു സംസാരിക്കാൻ കഴിയില്ല "അവൾക്കു ദൈവം ആ കഴിവ് കൊടുത്തിട്ടില്ല.ഞാൻ അത് കേട്ടപ്പോൾ അമ്പരന്നു പോയി.ആ ചെറിയ കുട്ടിക്ക് ഈശ്വരൻ എന്താ സംസാരിക്കാനുള്ള കഴിവ് കൊടുക്കാതിരുന്നത് എന്ന് ഞാൻ ചിന്തിച്ചു.ഞാൻ ചോദിച്ചു ."എന്തിനാ ഇവിടെ വന്നത് " ഞങ്ങൾ ഇവിടേക്ക് വന്നതല്ല .എത്തിപ്പെട്ടതാണ്.ഇവളുടെ അച്ഛൻ ഞങ്ങളെ ഉപേക്ഷിച്ചു പോയി.അദ്ദേഹം ഇപ്പോൾ വേറെ വിവാഹം കഴിച്ച സുഖമായി ജീവിക്കുന്നുണ്ടാകും.ആ സ്ത്രീ പറഞ്ഞു.അവരോട് എല്ലാം ചോദിച്ചറിഞ്ഞു .അങ്ങനെയാണ് ഞാൻ അറിയുന്നത് .ആ സ്ത്രീ ഒരു പണക്കാരന്റെ മകളായിരുന്നു.അവൾ മഹേഷ് എന്നയാളെ സ്നേഹിച്ചിരുന്നു.അവർ തമ്മിലുള്ള വിവാഹം നടന്നു.എന്നാൽ അയാൾ പണം ധൂർത്തടിച്ച് അയാൾക്ക് വേണ്ട സമ്പത്തും കൈക്കലാക്കി വേറെ വിവാഹം കഴിച്ചു.അവരുടെ കഥ പറഞ്ഞപ്പോഴേക്ക് അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു .ആ മകൾ അച്ഛനില്ലാതെയാണ് വളർന്നത്.അവൾ സ്കൂളിൽ പോകുന്നുണ്ട്.അതിന്റെ പണമെല്ലാം ആ സ്ത്രീയുടെ അധ്വാനമാണ്.അങ്ങനെ അടുത്ത ദിവസം ഞാൻ അവിടെ ചെന്നപ്പോൾ കാണുന്നത്.ആ 'അമ്മ മുടിയിമുടിയിഴകൾ അഴിഞ്ഞു സാരി വലിച്ചുകീറി ഒരു ഭ്രാന്തിയെ പോലെ ഇരിക്കുന്നത് .കാരണം അന്വേഷിച്ചപ്പോഴാണ് ആ മകൾ ഉറങ്ങിക്കിടക്കുമ്പോൾ വിളിച്ചിട്ട് ഉണർന്നില്ല .അവൾ മകൾ ഉറങ്ങിക്കിടക്കുമ്പോൾ വിളിച്ചിട്ട് ഉണർന്നില്ല .അവൾ ആ സ്ത്രീയെ വിട്ടുപോയെന്നു മനസ്സിലായി.ഒടുവിൽ എല്ലാം നഷ്ടപെട്ടവളെപോലെ അവൾ വിദൂരതയിലേക്ക് നോക്കിക്കൊണ്ട് അമ്മുക്കുട്ടീ ......അമ്മുക്കുട്ടീ.....എന്ന് ഉച്ചരിച്ചു കൊണ്ടേയിരുന്നു.

നീഹാര ബിജു(IX C)

# അമ്മമ്മ എന്ന 'അമ്മ



തന്റെ മകളെ നഷ്ടയോണീറ്റ ഓർമ്മയാണ്.തനിക്ക് ആകെ ഉണ്ടായിരുന്ന മകളെ നഷ്ടമായി.എന്നാലും അവൾ പോകുമ്പോൾ രണ്ടു ആണ്കുഞ്ഞുങ്ങളെ അമ്മയ്ക്കു നല്കിയിട്ടാണ് പോയത് .ഒരമ്മയും ഇഷ്ടപ്പെടാത്ത ഒരു കാര്യം അമ്മമ്മയ്ക്ക് ചെയ്യേണ്ടിവന്നു.തന്റെ ആ രണ്ടു മക്കളെയും ഹോസ്റ്റലിൽ കൊണ്ട് വിട്ടു.അമ്മമ്മ ഇനി ആ വീട്ടിൽ ഒറ്റക്കാണ്.അവരുടെ കയ്യിൽ കാശില്ല.തന്റെ മക്കളെ കാണാൻ പോകുമ്പോൾ കയ്യിൽ വല്ലതും കരുതണം .ഇളയ മകൻ പ്രതീക്ഷിക്കുന്നുണ്ടാകും.സൂര്യപ്രകാശത്താൽ നിറം മങ്ങിയ ഒരു സാരിയാണ് അമ്മമ്മ ധരിച്ചിരുന്നത്.കീറിയ പേഴ്സ്.അമ്മമ്മ അതിനാൽ മക്കളെ കാണാൻ വല്ലപ്പോഴുമാണ് ഹോസ്റ്റലിൽ പോവുക.ഇനി ആ മക്കൾ ചെയ്യേണ്ട ഒരേ ഒരു കാര്യം അമ്മമ്മയെ നന്നായി നോക്കുക എന്നതാണ് .അമ്മയ്ക്കു തന്റെ മകളെ നോക്കാൻ കഴിഞ്ഞില്ല.മകളെ അവളുടെ ഭർത്താവ് കൊന്നതാണ് എന്ന് അമ്മമ്മയ്ക്കറിയാം എന്നിട്ടും അത് ആരോടും പറയുന്നില്ല.തന്റെ മകൾ ഇന്ന് സന്തോഷിക്കുന്നുണ്ടാകും.കാരണം തന്റെ ഭർത്താവിന്റെ

അടുത്താണെങ്കിൽ മക്കൾ വഴി പിഴച്ചു പോയേനെ .എന്നാൽ അവർ നല്ല നിലയിൽ ഇന്ന് നിൽക്കുന്നു എങ്കിൽ അതിന്റെ കാരണം അമ്മമ്മയാണ്.അമ്മമ്മ തന്റെ വേദനകളൊന്നും മക്കളെ അറിയിക്കാതെ അവർ ആ കുട്ടികളെ ഈ നിലയിലെത്തിച്ചു.ഇനി ജീവിതം സന്തോഷത്തിലായിരിക്കും എന്നാണ് അവരുടെ പ്രതീക്ഷ.

അനഘ പി(IX D)

# അങ്ങനെ ആ വിളക്കണഞ്ഞു .



ദൂരെ കിളികൾ പറക്കുന്നു.നീണ്ടു നിവർന്നു കിടക്കുന്ന പച്ച നെൽപ്പാടങ്ങൾ .പാടത്തിനരികിലൂടെ കറുത്ത മഷി കൊണ്ട് വരച്ച നീണ്ട വരി പോലെ വഴി.രാപ്പകലില്ലാതെ കൃഷി ചെയ്യുന്ന കർഷകർ.അതിസുന്ദരമായ ഒരു ഗ്രാമം .ഗ്രാമത്തിൽ ഒരു കൊച്ചു വീട്.ആ വീട്ടിലെ അമ്മയാണ് ഉമ.മുല്ല മൊട്ടുകൾ പോലെയുള്ള പല്ലുകൾ.കടുംകാപ്പി മിഴി.നീണ്ടുകിടക്കുന്ന കാർകൂന്തൽ.തനി മലയാളിപെൺകൊടി .അമ്മയുടെ മകൾ അമ്മയേക്കാൾ സുന്ദരിയാണ്.ഏകദേശം 9 വയസ്സായി .കുട്ടിയുടുപ്പിട്ട പാറിനടക്കുന്ന വർണ്ണശലഭമായ പാറുക്കുട്ടി. മുണ്ടുടുത്ത് കറുത്ത മീശയും നല്ല തേച്ചുമിനുക്കിയ ഷർട്ടുമൊക്കെയായി അവളുടെ അച്ഛൻ .

അമ്മെ ഞാനിങ്ങുകയാണ്ട്ടോ ...പാറു അമ്മയോട് വിളിച്ചു പറഞ്ഞു. നോക്കിപോകണെ ..അമ്മയുടെ ഉപദേശം...പാറു കിടക്കയിൽ സുഖമില്ലാതെ കിടക്കുന്ന അമ്മയുടെ അടുത്ത് ചെന്ന് ഉമ്മ നൽകിക്കൊണ്ട് പറഞ്ഞു....അയ്യോ അമ്മയ്ക്കു നല്ലോണം പണിക്കുന്നുണ്ടല്ലോ... ഞാനിന്നു പോകണോ?

വേണ്ട മോളെ ... കുഴപ്പമില്ല.... 'അമ്മ നോക്കിക്കൊള്ളാം .'അമ്മ പറഞ്ഞു.

എന്നാൽ ശരി എന്ന് പറഞ്ഞു അവൾ പുറത്തിറങ്ങി... അമ്മയ്ക്കു വേണ്ട ഭക്ഷണം കിടക്കയുടെ അടുത്ത് വെച്ചുകൊണ്ട് അവൾ തുമ്പിയെപ്പോലെ പാറിക്കൊണ്ട് പാടത്തിനരികിലൂടെ നടന്നു നീങ്ങി.അപ്പോഴൊക്കെ അവളുടെ മനസ്സിൽ അമ്മയായിരുന്നു.അമ്മയ്ക്കു നല്ല

പണിയുണ്ട്.പിന്നെ അമ്മയ്ക്ക കാസത്തിന്റെ ചെറിയ പ്രശ്നമുള്ളതുകൊണ്ടു അവൾക്കു നല്ല പേടിയുണ്ടായിരുന്നു.പഴയത് ഓർമ്മകൾ അയവിറക്കിക്കൊണ്ടു അവൾ സ്കൂളിലെത്തി.ഇന്ന് ഓരോ പീരിയഡും കഴിഞ്ഞതറിഞ്ഞില്ല.ഇന്നവൾക്കു ക്ലാസ്സിൽ ശ്രദ്ധിക്കണേ കഴിഞ്ഞില്ല.കാരണം ഓരോ പീരിയഡും അവൾ അമ്മയെ കുറിച്ച് മാത്രം ചിന്തിച്ചിരിക്കുകയായിരുന്നു.അനഗ്നെ അവൾ സ്കൂൾ വിടുന്നതായും ആലോചിച്ചിരുന്നു .

സ്കൂൾ വിട്ടയുടൻ അവൾ ഓടി....പാടവരമ്പിലൂടെ....പെട്ടെന്ന് അവൾ തെന്നിവീണ്..അതൊന്നും അവൾ കാര്യമാക്കിയില്ല.അവൾ ഓടുന്നതിനിടയിൽ അവൾക്കു കാലിൽ ഒരു ചെറിയ നീറ്റൽ അഭവപ്പെട്ടു.അതു വകവെക്കാതെ ഓടി അവൾ വീട്ടിലെത്തുമ്പോൾ മുൻപിൽ ഒരു ആൾക്കൂട്ടം.എന്താണെന്ന് ഒരു എത്തും പിടിയും കിട്ടാതെ പരിഭ്രമത്തോടെ നോക്കുന്നതിനിടയിൽ അച്ഛനെ കണ്ടു.

എന്താണച്ഛാ.......

അച്ഛൻ അവളെ കെട്ടിപ്പിടിച്ച് കരഞ്ഞു....നിന്റെ 'അമ്മ ... പോയി മോളെ.......ഒരിക്കലും തിരിച്ചുവരാൻ കഴിയാത്ത ഇടത്തേക്ക്....

അവൾ അകത്തേക്കോടി....

കരച്ചിലുകൾക്കിടയിൽ സൂര്യൻ കണ്ണുപൊത്തി ഓടിമറഞ്ഞു....

അലീന വി (IX B)

# ജീവശാസ്ത്രം പഠനയാത്ര - റിപ്പോർട്ട്

2018-19 അദ്ധ്യയനവരഷത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന്റെ ഭാഗമായി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന പഠനയാത്ര 23-11-2018 ന് 10-ാംക്ലാസ്സിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുകയുണ്ടായി.




അന്നേ ദിവസം രാവിലെ 9.30 ന് എഴുപത് വിദ്യാർത്ഥികളും നാല് അദ്ധ്യാപകരും അടങ്ങുന്ന സംഘം പെരിങ്ങൊളം മിൽമയൂണിറ്റ് സന്ദർശിക്കുകയുണ്ടായി.പാലിന്റെയും പാലുല്പന്നങ്ങളുടെയും




സംഭരണം ,പ്രോസസ്സിംഗ് ,പാസ്ചറൈസേഷൻ - വിവിധ ഘട്ടങ്ങൾ ,വിതരണം ,ഇതിനായി ഉപയോഗിക്കുന്ന യന്ത്ര സംവിധാനങ്ങൾ,എന്നിവയെ സംബന്ധിച്ച കൃത്യമായ ധാരണ നൽകുന്ന ഒരു ക്ലാസ് ഡയറി സയൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ നൽകുകയുണ്ടായി .ഡയറി പ്രോഡക്റ്റ് കളുടെ ഒരു വിപണനശാലയും സന്ദർശിക്കാനവസരം ലഭിച്ചു .



അതിനു ശേഷം കുന്ദമംഗലത്ത് സ്ഥിതിചെയ്യുന്ന CWRDM എന്ന സ്ഥാപനം സന്ദർശിക്കുകയുണ്ടായി.കേരളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും ഭൂപ്രകൃതിയും ഉൾകൊള്ളുന്ന ഒരു മണിക്കൂർ ദൈർഘ്യമുള്ള ഹ്രസ്വ ചിത്രം വിജ്ഞാനപ്രദം ആയിരുന്നു .കൂടാതെ ജല സംരക്ഷണത്തിന്റെ പ്രാദാന്യത്തെക്കുറിച്ചും,അനുബന്ധ വിഷയങ്ങളെ കുറിച്ചും വിദ്യാർത്ഥികൾക്കായി ഒരു ക്ലാസ്സും നൽകുകയുണ്ടായി .



ഉച്ചഭക്ഷണത്തിനു ശേഷം കുന്ദമംഗലത്തിനടുത്തുള്ള വി എം കെ ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശിക്കുകയുണ്ടായി .വി എം മുഹമ്മദ് കോയ എന്ന നിശ്ചയദാർഢ്യവും ഇച്ഛാശക്തിയുമുള്ള പ്രകൃതി സ്നേഹിയായ മനുഷ്യന്റെ കഠിനാദ്ധ്വാന ത്തിന്റെ അനുഭവ സാക്ഷ്യമായിരുന്നു അത് .പത്തൊൻപത്

വർഷങ്ങൾക്ക് മുൻപ് സസ്യജാലങ്ങൾ ഒന്നും ഇല്ലാതെ ശൂന്യമായി കിടന്നിരുന്ന മൂന്നര ഏക്കർ വരുന്ന മൊട്ട കുന്നിനെ അപൂർവങ്ങളായ സസ്യങ്ങളുടെ വനഭൂമിയാക്കി മാറ്റിയ ചരിത്രം.

വിവിധ രാജ്യങ്ങളിൽ നിന്നും പ്രദേശങ്ങളിൽ നിന്നും കൊണ്ടു വന്ന് വളർത്തിയ സസ്യങ്ങളുടെ ശാസ്ത്രീയ നാമവും ഉപയോഗങ്ങളും ഇതിഹാസകഥാപാത്രങ്ങളുടെ പേരിലറിയപ്പെടുന്ന ഗാർഡനിലെ വിവിധ ഭാഗങ്ങളും അദ്ദേഹത്തിന്റെ വിവരണങ്ങളും ഹൃദ്യമായ അനുഭവം തന്നെ ആയിരുന്നു .പിന്നീട് ലഘു ഭക്ഷണത്തിനു ശേഷം പഠനയാത്ര സംഘം ആറുമണിക്ക് തിരിച്ച് സ്കൂളിൽ എത്തിച്ചേർന്നു .





കുട്ടിപ്പട്ടങ്ങളുടെ കൂടെയുള്ള ഒരു കൊല്ലം നീണ്ട പ്രയാണത്തിൽ സഹായിച്ചവരുണ്ട്.ആരെയും മറക്കുന്നില്ല.ഈ മാഗസിൻ സാക്ഷാൽക്കരിക്കുന്നതിനു സഹായിച്ച ,കൂടെ പ്രവർത്തിച്ച ഒരുപാട് പേർ . വിപിൻ സർ, രാജേഷ് കുമാർ സർ ,ബീന ടീച്ചർ ,ബിന്ദു ടീച്ചർ മുതലായവർ ."ഒരറിവും ചെറുതല്ല " എന്ന വലിയ അറിവാണ് ഈ പ്രയാണത്തിൽ മുതൽക്കൂട്ടായത്...എങ്കിലും ഞങ്ങളുടെ കുട്ടിപ്പട്ടങ്ങൾ ഉയർന്നു പറക്കുന്നത് മനസ്സിൽ സന്തോഷം തരുന്ന ഒന്നാണ്.നമുക്കും അവർക്കൊപ്പം ഉയരാം....ഉയർന്നു പറക്കാം .....
നന്ദി

KITE MASTER
KITE MISTRESS